രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പയെടുത്തവർക്ക് ആധാരം തിരികെ നൽകാൻ നടപടി

154 (7990) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ അനുവദിച്ച് കിട്ടുകയും ഹൗസിംഗ് ബോർഡിന് മുഴുവൻ പൂർണ്ണമായും തിരിച്ചടയ്ക്കുകയും ചെയ്ത ഗുണഭോക്താക്കൾക്ക് അവരുടെ ആധാരം തിരികെ നൽകുന്നതിനുള്ള തടസ്സം എന്താണെന്ന വ്യക്തമാക്കാമോ ;

(ബി) 1996-ൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ എടുക്കുകയും മുഴുവൻ പൂർണ്ണമായും തിരിച്ചടയ്ക്കുകയും ചെയ്ത ചേർത്തല മുനിസിപ്പൽ 23-ാം വാർഡിൽ കണത്താപറമ്പത്ത് വെളിയിൽ ശ്രീ. കെ. വി. മനോഹരൻ തന്റെ ആധാരം തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്ന വ്യക്തമാക്കാമോ ; ഇദ്ദേഹത്തിന്റെ ആധാരം തിരികെ നൽകുന്നതിന് ഹൗസിംഗ് ബോർഡിലെ ഉദ്യോഗസ്ഥർ തടസ്സം പറയുന്നത് എന്തുകൊണ്ടാണെന്ന വെളിപ്പെടുത്തുമോ ; ആധാരം എത്രയും വേഗം തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ ലഭിച്ച് മുഴുവൻ പൂർണ്ണമായും തിരിച്ചടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒഴിമുറി രജിസ്റ്റർ ചെയ്തു കൊണ്ടുവരുന്ന മുറയ്ക്ക് അവർ ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള ആധാരം തിരികെ നൽകിവരുന്നു. ഇതിന് തടസ്സങ്ങളൊന്നും ഇല്ല.

(ബി) ആധാരം തിരികെ ലഭിക്കുന്നതിന് ശ്രീ. കെ. വി. മനോഹരൻ അപേക്ഷ നൽകിയിട്ടില്ല. ചേർത്തല മുനിസിപ്പൽ 23-ാം വാർഡിൽ കണത്താപറമ്പത്ത് വെളിയിൽ ശ്രീ. കെ. വി. മനോഹരൻ, ചേർത്തല ബ്രാഞ്ച് ഓഫീസിൽനിന്നും സി/305/ഇ.ഡബ്ല്യു.എസ്. നമ്പരായി എടുത്ത വായ്പ, 20-5-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 21/2009/ഭവനം പ്രകാരം എഴുതിത്തള്ളിയിട്ടുള്ളതാണ്. എന്നാൽ ഒഴിമുറി രജിസ്റ്റർ ചെയ്ത് ഹാജരാക്കുന്നതിന് ആയതിന്റെ നക്കൽ പണയാധാരം സഹിതം ഹൗസിംഗ് ബോർഡിൽനിന്നും ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ആയത് രജിസ്റ്റർ ചെയ്ത് ഹാജരാക്കാൻ കാലതാമസം നേരിടുന്നതിനാലാണ് ആധാരം തിരികെ നൽകാൻ ഹൗസിംഗ് ബോർഡിന് സാധിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly